പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2095 05.05.2017-ന് മറുപടിയ്ക്ക്

## വനഭൂമി കയ്യേറ്റം തടയുന്നതിനുള്ള സംവിധാനം

ചോദ്യം

ശ്രീ. എൽദോ എബ്രഹാം

മറുപടി

ശ്രീ. കെ. രാജു
(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനഭൂമി കയ്യേറ്റം തടയുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ വനം കൈയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വന ഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും, വനം കൈയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും കൈയ്യേറ്റത്തിനെതിരെ കേസുകൾ എടുത്തും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വനസംരക്ഷണം നടത്തുന്നു. |
| (ബി) | പ്രസ്തുത സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; | (ബി) | പരിശോധിക്കാറുണ്ട്. |
| (സി) | വനഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (സി) | വനഭൂമി കൈയ്യേറ്റയതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ്സുകൾ 463 എണ്ണമാണ്. ഈ കേസ്സുകളിൽ ഭൂരിഭാഗവും കോടതിയുടെ പരിഗണനയിലും വിചാരണയിലുമാണ്. |
| (ഡി) | പ്രസ്തുത കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ ? | (ഡി) | 1961 ലെ കേരള വന നിയമം, 1971 ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് എന്നിവ പ്രകാരം വനം കൈയ്യേറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികൾക്കെതിരെ അന്വേഷണം നടത്തി ബന്ധപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും അത്തരം കൈയ്യേറ്റം നിയമപ്രകാരം ഒഴിപ്പിക്കുകയും കൈയ്യേറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ